കഴിയുന്ന വയോജനങ്ങളിൽ നല്ലൊരു ഭാഗവും ജീവിതാവശ്യങ്ങൾ നിറവേറ്റാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നുണ്ട്. എഴുപതു വയസ്സിനുമുകളിൽ പ്രായമുള്ള വരുടെ ആരോഗ്യസ്ഥിതി വളരെ പരിതാപകരമാണ്. പല വിധത്തിലുള്ള രോഗങ്ങൾമൂലം ഇവർക്ക് വിഷമം അനുഭവിക്കേണ്ടിവരുന്നു. വയോജനങ്ങൾ ക്കുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 1991 ജനുവരിയിൽ ദേശീയ വയോജന നയരേഖ പുറപ്പെടുവിച്ചു. കേരളത്തിൽ വയോജന നയത്തിന്റെ കരട് തയ്യാറാക്കുകയും അതിന്മേൽ സന്നദ്ധ സംഘടനകളുടെയും, മുതിർന്ന പൗരന്മാരുടെയും അഭിപ്രായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടി പരിഗണിച്ച് പുതുക്കിയ വയോജനനയം ഉടൻതന്നെ പ്രഖ്യാപിക്കുന്നതാണ്.

(16) കേരളത്തിലെ സ്വകാര്യ കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രശ്നങ്ങൾ

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, കേരളത്തിലെ സ്വകാര്യ കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രശ്നങ്ങൾ മുൻപ് പല തവണ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ആറേഴ് വർഷങ്ങൾക്ക് മുൻപ്, 1998-ൽ Pre-degree de-link ചെയ്തതിനുശേഷം അദ്ധ്യാനഭാരം കുറഞ്ഞു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മാനേജുമെൻറുകൾ പുതിയ തസ്തികകൾ നിർത്തലാക്കി. അതിനെത്തുടർന്ന് അദ്ധ്യാനഭാരം കൂടുകയും റിട്ടയർമെന്റ് വേക്കൻസിയിലും അതുപോലെതന്നെ ലീവ് വേക്കൻസിയിലും ആളുകളെ ചില സ്ഥലത്ത് അപ്പോയിന്റ് ചെയ്യുകയും ചെയ്തുവെങ്കിലും അവർക്ക് വർഷങ്ങളായി ശമ്പളം കിട്ടുന്നില്ല. ഇതിനെ സംബന്ധിച്ചും സ്റ്റാഫ് പാറ്റേണിനെ സംബന്ധിച്ചും, മറ്റ് അനോമലിയെ സംബന്ധിച്ചും ചർച്ചകൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ നടത്തിയിരുന്നു. ഇനിയും ചേമ്പറിൽ ചർച്ച നടത്താമെന്ന് വാഗ്ദാനം നൽകിയിരുന്നു. ഹൈക്കോടതിയിലെ ഉത്തരവ് ഇവർക്കനുകൂലമായിട്ടുണ്ട്. ഇതിനെത്തുടർന്ന് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രയാസങ്ങളും, പ്രശ്നങ്ങളും സംബന്ധിച്ച് ഒരു ചർച്ച ഉടനെ നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, വളരെക്കാലമായി പരിഹരിക്കപ്പെടാതിരുന്ന പ്രശ്നമായിരുന്നു. ഗവണ്മെന്റ് വളരെയേറെ കാര്യങ്ങൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്തപ്പോൾ സർപ്ലസായവരെ അക്കോമഡേറ്റ് ചെയ്യാതെ പുതിയ നിയമനം

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ പാടില്ലായെന്ന് 17-9-2004-ൽ ഗവണ്മെന്റ് ഉത്തരവിറക്കി. അതുപ്രകാരം നിലവിലുള്ള കോളേജുകളെ categorize ചെയ്യുകയും എ, ബി, സി, ഡി, ഇ എന്നിങ്ങനെ തരംതിരിച്ച് ഓരോ കോളേജിലും Non-teaching Staff ഇത്രയിത്ര വേണമെന്ന് ഗവണ്മെന്റ് തീരുമാനമെടുത്തു. അതോടുകൂടി ആ ബാൻ നിലവില്ലാതായി. ആ വിധത്തിലുള്ള നിയമനം നടക്കുന്നുണ്ട്. പക്ഷെ ആ തീരുമാനം പോരെന്നും സ്റ്റാഫ് പാറ്റേണിൽ ചില ഭേദഗതികൾ കൂടി വേണമെന്നും ഈ സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി. 14-10-2004-ൽ വിളിച്ചുകൂട്ടിയ ചർച്ചയിൽ കുറെ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ട്. ശ്രീ. ടി. വി. ചന്ദ്രമോഹൻ ചൂണ്ടിക്കാണിച്ചപോലെ ബാക്കിയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു ചർച്ച കൂടി വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ എടുക്കാം.

V. സെലക്ട് കമ്മിറ്റി യോഗം കൂടാത്തത് സംബന്ധിച്ച്

ശ്രീ. സാജുപോൾ: സർ, ഇന്ന് നാമിവിടെ വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യുകയാണ്. ഈ സഭയിൽ വളരെമുൻപ് അവതരിപ്പിച്ച 2001-ലെ കേരളാ Infrastructure Development Bill സെലക്ട് കമ്മിറ്റിക്ക് വിട്ടിട്ടുള്ളതാണ്. ഇരുപത്തിഒൻപത് എം. എൽ. എ. മാരടങ്ങുന്ന കമ്മിറ്റി ഒരു പ്രാവശ്യം യോഗം കൂടിയെങ്കിലും മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ലോകവ്യാപകമായി പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയും പഠനം നടത്തുകയും വിലയിരുത്തുകയും അപഗ്രഥിക്കുകയും ചെയ്ത് കേരളത്തിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ സമഗ്ര നിയമം നിർമ്മിക്കുമെന്ന് അവതരണ വേളയിൽ പ്രഖ്യാപിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഇതുസംബന്ധിച്ച് ചോദ്യം ഉന്നയിച്ചപ്പോൾ ഏറ്റവും പെട്ടെന്ന് നിയമം നടപ്പാക്കുമെന്ന് മറുപടി നൽകിയതാണ്. ഇത്രയും ദിവസം സമ്മേളിച്ച ഈ സഭാനടപടിക്കിടയിൽ സെലക്ട് കമ്മിറ്റി കൂടാൻ ഗവൺമെന്റ് സന്നദ്ധമായില്ല. എം. എൽ. എ. മാർ അംഗങ്ങളായ കമ്മിറ്റികൾ പ്രഹസനമാകുന്നത് തികച്ചും നിരുത്തരവാദപരമായിട്ടുള്ള സമീപനമാണ്. ഇക്കാര്യത്തിൽ കൃത്യമായ ഒരു വിശദീകരണം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)* : സർ, 2001-ലെ Kerala Infrastructure Development Bill ഇപ്പോൾ Select Committee യുടെ പരിഗണനയിലാണ്. ഈ ബിൽ പരിഗണിക്കുന്നതിനായി മൂന്നു തവണ കമ്മിറ്റി കൂടിയിട്ടുണ്ട്. കമ്മിറ്റി അംഗങ്ങൾ ആവശ്യപ്പെട്ടപ്രകാരം മറ്റു

LIBRARY ARCHIVES Kerala Legislative Assembly